ബൈബിളിൽ യഹോവയെപ്പോപ്പംസ്ഥീതിചെയ്യുന്നതുകാണാം. ബ്ളൂംഫീൽഡ് വീണ്ടും പറയുന്നതു് ഗ്രേക്കരുടെയും ട്യൂട്ടൺകാരുടെയും ശ്രേഷ്ഠദൈവതങ്ങളോടു് ഒത്തുനോക്കിയാൽ വരുണൻ പാലസ്റ്റൈനിലെ ഈശ്വരപുരോഹിതനായ ഒരു യഹൂദദീർഘദർശിയോടാണു് അധികം സദൃശ്യനായിരിക്കുന്നതെന്നാണു്.

കാര്യം ഇങ്ങനെയൊക്കെയാണെങ്കിലും ഹിന്ദുക്കൾ വരുണനിൽനിന്നു് ഗ്രഹിച്ച സനാതനധർമ്മം അല്പമാത്രമാകുന്നു. അതിനാലാണു് ആദ്യം അത്യുച്ചഗതമായ വരുണവിശ്വാസം പ്രായേണ വ്യഭിചരിച്ചു് അവരുടെയിടയിൽ അന്യോന്യവിരുദ്ധമായ പല മതഭേദങ്ങൾ അഥവാ ദർശനാന്തരങ്ങൾ ഉണ്ടായിത്തീർന്നതു്. പ്രസിദ്ധമായ ബ്രഹ്മസമാജത്തിന്റെ ചരിത്രം തദുദാഹരണമാകുന്നു. ജന്മനാ ഹിന്ദുവായ അതിന്റെ സ്ഥാപകൻ കർമ്മണാ സ്വമതവ്രതനും ഒടുവിൽ ഒരു മതവും ഇല്ലാത്ത ആളുമായിത്തീർന്നു. (10) കടശി, വരുണൻ സർവ്വത്ര വിസ്മൃതനായി. മാത്രമല്ല, ക്രിസ്ത്യാനികളുടെ ഏകദൈവവിശ്വാസത്തോടൊത്ത ഒരു മതത്തെ പുനഃസ്ഥാപിക്കുന്നതിനൊ ലോകത്തിനു് ആദർശയോഗ്യനായി ഉജ്ജീവിക്കുന്നതിനൊ ആ ദേവൻ പിന്നെ ശക്തനായുമില്ല. വേദാന്ത്യത്തിൽ പ്രബലീഭവിച്ച വേദാന്തസിദ്ധാന്തം വരുണനെ വീണ്ടും തരംതാഴ്ത്തി കടലിലും കായലിലും പ്രതിഷ്ഠിച്ചു. അതോടെ അദ്ദേഹത്തിനു പണ്ടുണ്ടായിരുന്ന ധാർമ്മികാവസ്ഥയും പൌരുഷവും പാടെ അസ്തമിക്കുകയുംചെയ്തു. ഇങ്ങനെ വിശുദ്ധവും പൌരുഷപരവുമായിരുന്ന പുരാതനാര്യന്മാരുടെ മൌലികമായ ഈശ്വരവിശ്വാസം ലോകത്തിന്റെ അപൌരുഷവും അസാന്മാർഗ്ഗികവുമായ ആധ്യാത്മിക ചർച്ചകളോടു മത്സരിച്ചു് പരാജയമടഞ്ഞു. തന്മൂലം ഇതിഹാസദശയിൽ ബ്രഹ്മാവു് ഉന്നതപദപ്രാപ്തനും വരുണൻ നീചപദസ്ഥനുമായി മാറി. ഈ മാററം സംഭവിക്കാതിരുന്നുവെങ്കിൽ ഇൻഡ്യ ഏകദൈവവിശ്വാസത്തിലും തദനുരൂപമായ പ്രമാണത്തിലും സ്ഥിരപ്രതിഷ്ഠിതമായിരുന്നേനെ. അതുണ്ടായില്ല എന്നല്ല ഭൂതയുഗത്തിൽ അപൌരുഷേയനും അസന്മാർഗ്ഗിയുമായ ബ്രഹ്മാവു് പുരുഷത്വവും ധാർമ്മികാവസ്ഥയുമുള്ള വരുണനെ ജയിച്ചുവെങ്കിൽ ഭാവിയുഗത്തിന്റെ ഗതി എപ്പിധമെന്നാരറിഞ്ഞു!

വേദത്തിൽ വരുണനു് അത്യുൽകൃഷ്ടമായ ഏകത്വവും ധാർമ്മികാവസ്ഥയും ആദ്യം ഉണ്ടായിരുന്നതുകൊണ്ടു് തദാസ്തിക്യബോധം സത്യമത്തായ വിശ്വാസത്തെ ഉല്പന്നമാക്കിയെന്നു വല്ലവരും വിചാരിച്ചേക്കാം. ആ വിചാരം സാധ്യമാകണമെങ്കിൽ ഭാരതീയർ തദ്വിശ്വാസസീമയിൽ സംതൃപ്തരായി വർത്തിച്ചുവെന്നുകൂടിതെളിയണം. ഈ തെളിവു് എത്രദൂരം തേടിയാലും കണ്ടുകിട്ടുന്നതല്ല. എന്നല്ല ഹിന്ദുക്കൾ അദ്യാപി വിശ്വാസവിഷയത്തിൽ തൃപ്തിയും പൂർണ്ണതയും അന്വേഷിച്ചുകൊണ്ടേയിരിക്കുന്നു. പുരാതനരായ ഇൻഡ്യൻ മനീഷികൾ മന്ത്രപ്രോക്തമായ വരുണവിശ്വാസം ഇസ്രായേൽക്കാരിൽനിന്നു് ലഭിച്ചതാണെന്ന വാസ്തവം ഗോപനം ചെയ്യാതിരുന്നുവെങ്കിൽ അബ്രാഹം, ഇസഹാക്കു്, യാക്കോബു്, എന്നിവരുടെ നേതാവും യേശുക്രിസ്തുവിന്റെ പിതാവുമായ ദൈവത്തിങ്കലുള്ള സത്യവിശ്വാസത്താൽ ഭാരത ഭൂമി പണ്ടേ പരിപൂർണ്ണമാകുമായിരുന്നു.

ഇന്നത്തെ ഹിന്ദുമതം മാത്രമല്ല പണ്ടത്തെ ആദർശങ്ങളും അഭിപ്രായങ്ങളും എല്ലാം ഓരോ മട്ടിൽ പരിപൂർത്തി തേടിക്കൊണ്ടു തന്നെയാണിരിക്കുന്നതു്. വരുണവിശ്വാസപടത്തിൽ പൊതിഞ്ഞിരിക്കുന്ന ദൈവപ്രമാണം „ഋതം” (സത്യം) എന്നുള്ളതാണു്. കർമ്മത്തേയും വിശേഷിച്ചു് മായയേയും സംബന്ധിച്ചുണ്ടായ അർവ്വാചീനദർശനങ്ങൾക്കു് വിരുദ്ധമാണു് വേദോക്തനായ വരുണന്റെ പ്രകൃതിയും പ്രവൃത്തിയുമെന്നു് തത്വജ്ഞന്മാർക്കറിയാം. ആകയാൽ മേല്പറഞ്ഞ വരുണ പ്രമാണത്തെക്കുറിച്ചുള്ള ഋഗ്വേദാധ്യാപനം ക്രിസ്തീയ നവസംഹിതയിലെ പരിശുദ്ധ ദൈവവിശ്വാസത്തെ മുൻകൂട്ടി വിദിതമാക്കുകയും അതോടു അധികം യോജിക്കയും ചെയ്യുന്നു.

ഇനി സപ്താദിത്യഗണത്തെ സംബന്ധിച്ച ഒരു പ്രാക്തനവിശ്വാസം വേറെയുണ്ടു്. ഈ ആദിത്യന്മാർ വരുണന്റെ സ്വഭാവത്തെ ലക്ഷീകരിക്കുന്ന തദംശങ്ങൾ മാത്രമാണു്. വേദത്തിൽ വരുണന്റെ ഏഴു രൂപികൾ തൽസമക്ഷം വർത്തിക്കുന്നതായി (11) വർണ്ണിക്കുന്നു. തത്തുല്യമായ വർണ്ണനം ബൈബിളിലും (12) കാണാം. ഈ ഏഴുമാതിരിപ്പിരിവും ഐക്യവും മുഖ്യമായ യോഗത്തിനും

10. Farquhar MRMI-P. 173.
11. Rigveda i. 4. (12) Isa XI. 2

THE SWARAJ NAVIGATION, ALLEPPEY.

( PROP. SWARAJ INDUSTRIES LTD., KOTTAYAM )

Mg. Director K. N. Sankunni Pillai B. A., B. L.

PARCEL TRANSPORT, RAILWAY & SHIP CLEARING

PLEASE CONTACT:

Swaraj Navigation for the efficient and quick TRANSPORT OF PARCELS.

RAILWAY & SHIP CLEARING Promptly undertaken.

Parcel Offices:— at Ernakulam, Cochin, Vaikom, Alleppey, Kottayam, Changanacherry, Quilon, Kayamkulam, Trivandrum, Nagercoil

SUPERINTENDENT.



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

അയോഗത്തിനും തമ്മിലുള്ള അന്തരമത്രെ സ്പഷ്ടമാകുന്നത്. ഈവഴിക്ക് ആകാശം, ഭൂമി, അന്തരീക്ഷം എന്നിങ്ങനെ വേദകർത്താക്കൾ പ്രപഞ്ചത്തിനു കല്പിച്ച വിഭാഗത്രയം അനുസരിച്ച് ഓരോന്നിനും യഥാക്രമം സൂര്യൻ, അഗ്നി, വായു, അഥവാ ഇന്ദ്രൻ എന്ന മൂന്നു ദൈവവിഭാഗം വേറെയും നിർവചിക്കാവുന്നതാകുന്നു. ഏതദ്വാരാ മുപ്പത്തിമുക്കോടി ദേവന്മാരും മേൽപ്രസ്താവിച്ച മൂന്നിൽ ഒതുങ്ങും. ഈ മൂന്നിന്റെ (സൂര്യരശ്മി, അഗ്നിജ്വാല, ഇന്ദ്രത്വിദ്യുത്) തേജസ്സ് തുല്യഗുണവുമാണ്. മന്ത്രദ്രഷ്ടാക്കന്മാരുടെ നിർദ്ദേശപ്രകാരം സൂര്യൻ വരുണന്റെ നേത്രവും അഗ്നി, വിദ്യുദ്വായുക്കളാൽ ഭൂമിയിലേക്ക് ആനയിക്കപ്പെട്ടതൽപ്രതിനിധിയും ദേവാവതാരവുമത്രെ. വരുണൻ വേദത്തിൽ ധാർമ്മികാവസ്ഥകൊണ്ട് ശ്രേഷ്ഠപദം അർഹിക്കുന്നുവെങ്കിൽ അഗ്നിക്ക് അനന്തരസ്ഥാനമാണുള്ളത്. ക്രിസ്തുവിനും തദവസ്ഥകളെല്ലാം തുല്യമാകുന്നു. മാത്രമല്ല ഋഗ്വേദത്തിൽ അഗ്നിയേയും ബൈബിളിൽ ക്രിസ്തുവിനെയും വർണ്ണിച്ചിട്ടുള്ളതും പ്രത്യക്ഷരം ഏകരൂപത്തിലാണ്. രണ്ടും യഥാക്രമം താഴെ ഉദ്ധരിക്കാം.

### ഋഗ്വേദത്തിൽ അഗ്നി

മൂലതഃസ്വർഗ്ഗീയനെങ്കിലും മനുഷ്യനോടുകൂടി വസിക്കുന്നവനും(13) ഭൂമിക്കും സ്വർഗ്ഗത്തിനും മദ്ധ്യത്തിലുള്ള ദൂതനും (14) ഈശ്വരന്റെയും മനുഷ്യന്റെയും മദ്ധ്യസ്ഥനും(15) മഹാപുരോഹിതനും (16) ഭൌമച്ഛായ്പതത്തിന്റെ ദിവ്യാംശവും(17) വരുണസമക്ഷം സമാധാനം സ്ഥാപിക്കുന്നവനും (18) പാപികളുടെ അപരാധം ക്ഷമിക്കയും അവരെ ശുദ്ധീകരിക്കയും ചെയ്യുന്നവനും (19) ആകുന്നു.

### സുവിശേഷത്തിൽ ക്രിസ്തു.

ജീവനുള്ള ദൈവത്തിന്റെ പുത്രനും (20) സ്വർഗ്ഗത്തിൽനിന്നിറങ്ങി(21) നമ്മുടെ ഇടയിൽ വസിച്ചവനും(22) സത്യവാനായ ദൈവത്താൽ അയക്കപ്പെട്ടവനും അയാളിൽ നിന്നു കേട്ടവ തന്നെ ലോകത്തിൽ പ്രസംഗിക്കുന്നവനും (23) നമ്മുടെ മദ്ധ്യസ്ഥനും(24) മഹാമാരിതപുരോഹിതനും (25) സത്യവാനായ ദീർഘദർശിയും (26) ദൈവസമക്ഷം പാപികൾക്കുവേണ്ടി കരുണ യാചിക്കുന്നവനും (27) പാപങ്ങൾ വിമോചിക്കുന്നവനും (28) ആകുന്നു.

വേദദൈവതങ്ങളായ വരുണനും തന്മുഖ്യാംശത്താൽ അവതീർണ്ണനായ അഗ്നിയും ഗുണശാലികളാണെന്നു മാത്രമല്ല, മനുഷ്യരെ ഗുണീകരിക്കുന്ന ധർമ്മികമൂർത്തികളുമാണ്. ഇതരദേവന്മാരിലും ചിലക്ക് പാപമോചനാധികാരമുള്ളതായി ചിലസൂക്തങ്ങൾ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും അതു അവരുടെ അപ്രധാന കൃത്യങ്ങളെന്നേ വരുന്നുള്ളു. നേരെമറിച്ച് വരുണാഗ്നികൾക്കാകട്ടെ ആയതു അവരുടെ മുഖ്യകർമ്മമാകുന്നു. ഈ മഹാകർമ്മം വെറും ഭൌതികവസ്തുവും സദാചാരവിവേചനത്തിനു അശക്യവുമായ അഗ്നിക്കു സാദ്ധ്യമല്ലെന്നു നമുക്കറിയാം. ആകയാൽ അഗ്നി വേദത്തിൽ മറ്റൊന്നിന്റെ നിദർശകം അഥവാ ക്രിസ്തുവിന്റെ പ്രതിരൂപംമാത്രമാണെന്നു ആരും സമ്മതിക്കും.

സ്വർഗ്ഗത്തിൽ നിന്നു വർഷാകാരേണ സോമലതയെ ആവേശിച്ച് അമൃതമായിത്തീർന്ന അന്യമായ ഒരവതാരമാണ് സോമം. അഗ്നിപോലെ അതും സ്വർഗ്ഗജാതവും ഭൂമിയിൽ നിവസിക്കുന്നതുമാകുന്നു. സോമയാഗത്തിലും ക്രിസ്ത്യാനികളുടെ കർബാനയിലും ചിലസദൃശാംശങ്ങൾ ഇല്ലെന്നുമില്ല. അഗ്നിയുംസോമവും പ്രകൃതിയുടെ രണ്ടു പ്രധാന ഘടകങ്ങൾക്ക് പൌരാഷാരോപം ചെയ്ത് ദേവന്മാരാക്കി കല്പിക്കപ്പെട്ടവയത്രെ. പണ്ടുപണ്ടു ഇവരണ്ടും അവതാരേണ മനുഷ്യരൂപം കൈക്കൊണ്ട ദേവന്മാരെന്നു വിചാരിക്കപ്പെട്ടിരുന്നു. അതിനാലാണ് ഈ വസ്തുക്കൾ സ്വർഗ്ഗത്തിൽനിന്ന് മനുഷ്യസഹവാസാർത്ഥം ഇറങ്ങിവന്ന ദൈവതങ്ങളാണെന്ന വിശ്വാസം പ്രായേണ പ്രബലീഭൂതമായിത്തീർന്നതു്.

അഗ്നിയുടെ സ്വർഗ്ഗീയവും ഭൌമവും അന്തരീക്ഷപരവുമായ ഭാവത്രയം ഭാരതവർഷത്തിലെ പ്രാക്തമമായ ഈശ്വരത്രിതയത്തെ ജനിപ്പിച്ചിരിക്കുന്നു. ഇതാണ് വൈദികദശാനന്തരം സ്വർഗ്ഗധരാന്തരീക്ഷാഗ്നികളായ സൂര്യാഗ്നിമരുത്തുകളെ കൂട്ടിച്ചേർത്ത് സർവ്വദേവന്മാരെയും ഗർഭീകരിക്കത്തക്കവിധം രണ്ടാംതരമായി ഉണ്ടാക്കപ്പെട്ട ദേവത്രിതയത്തിന്റെയും മൂലം. വായു ഇന്ദ്രസമ്മിളിതൻ അഥവാ ഇന്ദ്രസമാനനായ ദേവനാണ്. ആ ദേവനും വിദ്യുത്തും കൂടി തന്നെ സ്വർഗ്ഗാമൃതമായ സോമവും ഭൂമിയിൽ ആനയിച്ചതായി പറയപ്പെട്ടിരിക്കുന്നു. തന്മൂലം വായുവും സോമവും പവിത്രാത്മാ(റൂഹ)വിനെ സംബന്ധിച്ച ക്രിസ്തീയപഠനത്തിന്റെ ഛായാവാഹകങ്ങളായിട്ടാണ് കാണപ്പെടുന്നത്. പന്തക്കുസ്തദിനത്തിൽ വലിയ ഒരു കാറ്റും അഗ്നിജ്വാലകളും അലോകസാമാന്യമായ സന്തുഷ്ടിയുംകൊണ്ട് പവിത്രാത്മാവിന്റെ ആഗമം (29) എന്നപോലെ ഋഗ്വേദത്തിൽ ഇന്ദ്രമരുൽസമ്പർക്കങ്ങളാൽ സോമാഗമവും ലക്ഷീകരിക്കപ്പെട്ടിരിക്കുന്നു.

ആദിയിൽ ദേവധർമ്മങ്ങളോടുകൂടി സൂര്യാഗ്നിമരുത്തുകൾ ചേർന്നുണ്ടായതും അനന്തരം അവതന്നെ പ്രാപഞ്ചികഗുണാവശിഷ്ടങ്ങളായിപ്പരിണമിച്ചതും ആയ രണ്ടു പഴയ ഈശ്വരത്രിതയങ്ങൾ വീണ്ടും കൂടികലർന്ന് പുതിയ ഹിന്ദുമതത്തിലെ ബ്രഹ്മാവ്, ശിവൻ, വിഷ്ണു എന്ന മൂന്നാമത്തെ മൂർത്തിത്രയം ആവിർഭവിച്ചു. ക്രിസ്തീയദൈവത്രിതയമാകട്ടെ എന്നും ഒന്നുമാത്രം. എങ്കിലും ഹെജിൽ(Hegil) എന്ന തത്വജ്ഞൻ പറയുന്ന വസ്തു, ഛായ, യോജന എന്നിവയുടെ ധർമ്മങ്ങൾ പ്രസ്തുത എല്ലാ ത്രിതയത്തിലും തുല്യയോജ്യങ്ങളായി ശേഷിച്ചിട്ടുണ്ട്. കൂടാതെ വരുണൻ സ്വർഗ്ഗീയപിതാവും അഗ്നിസോമങ്ങൾ രണ്ടും പുത്രപവിത്രാത്മാക്കളെപ്പോലെ സ്വർഗ്ഗാദാഗതങ്ങളുമാകുന്നു. ഏതന്മൂലം ഋഗ്വേദത്തിലെ ഈശ്വരത്രിതയം ക്രിസ്ത്യാനികളുടെ ദൈവത്രിതയ വിശ്വാസത്തിനു ആധാരമായ ഇസ്രായേൽക്കാരുടെ പുരാതന സാമഗ്രികളെത്തന്നെ ഉപയോഗിച്ചുണ്ടാക്കിയതായിരിക്കാനേ വഴിയുള്ളു. ഈദൃശസാമ്യം ഒരു വിധത്തിലും നിഷേധാർഹമല്ല. വിശ്രുതനും പാപമോച

(ശേഷം 106-ാം പേജിൽ)

(13) Rigveda, i. 140; I: iii-5-1; iii. 8-5. VI. 8-4; x-1-6.
(I4) ii-1-14; 12-6-6; i. 94-3; i. 59-i- VII-II-1.
(15) ii-1-14; i-26-6; i-24-45.
(16) i-96-6
(17) ii-1-2; i. 1.
(18) IV-2-1-3-4.
(19) VII-93.7.
(20) Math. XVI-16; Act. IX-23;
(21) John iii-13; cor. XV.47.
(22) John i-14. (23) VIII.26.
(24) Heb. XII. 24; Tem.ii-5.
(25) Tem.iii-1; V-1-10. (26) John. 7-40.
(27) Luke. XXIII. 34;
(28) Mark ii-10. Luke VII. 47-49.
(29) Act. ii-1-4.

TEL: "DRUGS"
J. W. AKKARAPPATTY & Co.
Wholesale Drugs Merchants
TRICHUR
S. INDIA.

Nicco cables, Mem goods, Electric motors, Flour mills
Orient fans, etc.

CONTACT:-

Associated Engineering Corporation,
Poonen Road, Trivandrum.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



# ദുക്റാനാ
## മാർത്തോമ്മാതിരുനാൾ


**വി. തോമ്മായുടെ തിരുനാൾ ആചരിക്കാത്ത സഭകൾ പൂർവകാലത്തു ഇല്ലായിരുന്നുവെന്നു തന്നെ പറയാം. "നിന്റെ അത്ഭുതങ്ങൾ ഇൻഡ്യയിൽ, നിന്റെ വിജയം ഞങ്ങളുടെ നാട്ടിൽ, എല്ലാ നാടുകളിലും നിന്റെ തിരുനാൾ."**

**(റവ. ഫാ. റൊമയോ തോമസ്, ററി. ഒ. സി. ഡി., എം. ഏ. എൽ. ററി.)**

ഇസ്രായേൽ ജനത്തിന്റെ ചരിത്രത്തിൽ മതപരമായി പ്രാധാന്യം അർഹിച്ചിരുന്ന സംഭവങ്ങളുടെ അനുസ്മരണയ്ക്കായി തിരുനാളുകൾ ഏർപ്പെടുത്തിയിരുന്നുവെന്നു വേദപുസ്തകത്തിൽനിന്നുതന്നെ നാമറിയുന്നു ഈ തിരുനാളുകളിൽ പ്രധാനപ്പെട്ടവ പെസഹാത്തിരുനാൾ, പന്തക്കുസ്താത്തിരുനാൾ, പരിഹാരത്തിരുനാൾ, കൂടാരത്തിരുനാൾ എന്നിവയായിരുന്നു. നമ്മുടെ ദിവ്യരക്ഷകന്റെ ഉത്ഥാനം പെസഹാത്തിരുനാളിലും, പരിശുദ്ധാത്മാവിന്റെ ആഗമനം പന്തക്കുസ്താത്തിരുനാളിലും സംഭവിച്ചതിനാൽ ഈ തിരുനാളുകൾ ക്രിസ്തീയസഭയ്ക്കും പരിശുദ്ധ ദിവസങ്ങളായിത്തീർന്നു. നമ്മുടെ കർത്താവിന്റെ പിറവി, മാമ്മോദീസാ മുതലായ സംഭവങ്ങളെ അനുസ്മരിപ്പിക്കുന്ന ഇതര തിരുനാളുകളും നാലാംനൂററാണ്ടിനു മുമ്പുതന്നെ തിരുസഭയിൽ നടപ്പിൽവന്നു. ഇതേത്തുടർന്നു് കർത്താവിന്റെ മററു തിരുനാളുകളും, ദൈവമാതാവിന്റെയും ശ്ലീഹന്മാരുടെയും, രക്തസാക്ഷികളുടെയും വന്ദകന്മാരുടെയും, തിരുനാളുകളും ആവിർഭവിച്ചു.

വിശുദ്ധന്മാരുടെ തിരുനാളുകൾ പൂർവ്വകാലങ്ങളിൽ ആരംഭിച്ചതു് പ്രാദേശികമായ ആചാരങ്ങളായിട്ടത്രെ. രക്തസാക്ഷികൾ ചരമമടഞ്ഞ സ്ഥലങ്ങളിൽ അവരുടെ തിരുനാളുകൾ തുടങ്ങി. അവരുടെ വിശുദ്ധാവശിഷ്ടങ്ങളുടെ ഭാഗങ്ങൾ ഇതര സ്ഥലങ്ങളിലേക്കു് മാററപ്പെട്ടതോടെ തിരുനാളുകൾക്കു് ആ സ്ഥലങ്ങളിലും പ്രതിഷ്ഠലഭിച്ചു. പലേ കാരണങ്ങളാൽ വിവിധ തിരുനാളുകൾ വിവിധ പ്രദേശങ്ങളിൽ വ്യത്യസ്ത തീയതികളിൽ ആചരിക്കാനിടയായി. ഉയിർപ്പുതിരുനാൾ മുതലായ ചില പ്രധാനതിരുനാളുകളുടെ കാര്യത്തിൽ ഐകരൂപ്യമുണ്ടായതു് വളരെ പരിശ്രമിച്ചതിന്റെ ഫലമായിട്ടാണ്.

ശ്ലീഹന്മാരുടെ തിരുനാളുകൾ സാമാന്യമായി രക്തസാക്ഷിത്വത്തേയാണ് അനുസ്മരിക്കുന്നതു്. ഏതാനും ശ്ലീഹന്മാരുടെ ജീവിതത്തിലെ ഇതര സംഭവങ്ങളും തിരുനാളുകൾക്കു വിഷയമായി. വി. പത്രോസ് ആദ്യം അന്തിയോക്യായിലും പിന്നീടു റോമ്മായിലും സിംഹാസനം സ്ഥാപിച്ചതും, വി. പൗലോസിന്റെ മാനസാന്തരവും അനുസ്മരിക്കുന്നതിനു തിരുനാളുകൾ ഏർപ്പെടുത്തപ്പെട്ടു.



ലേഖകൻ.

വി. തോമ്മാശ്ലീഹായുടെ ജീവിതത്തിലെ ചില പ്രധാനസംഭവങ്ങൾ അനുസ്മരിക്കുന്നതിനു് തിരുനാളുകൾ സ്ഥാപിക്കപ്പെട്ടു. വി. തോമ്മായുടെ തിരുനാളുകൾ ആചരിക്കാത്ത സഭകൾ പൂർവ്വകാലത്തു് ഇല്ലായിരുന്നുവെന്നു തന്നെ പറയാം. എഡേസായിൽ നാലാം നൂററാണ്ടിൽ ജീവിച്ചിരുന്ന വി. അപ്രേം വി. തോമ്മായെ സംബോധനചെയ്തുകൊണ്ടു് പ്രസ്താവിച്ചിട്ടുള്ളതു് "നിന്റെ അത്ഭുതങ്ങൾ ഇൻഡ്യയിൽ, നിന്റെ വിജയം ഞങ്ങളുടെ നാട്ടിൽ, എല്ലാ നാടുകളിലും നിന്റെ തിരുനാൾ" എന്നാണ്. എന്നാൽ ഈ തിരുനാൾ വിവിധ പ്രദേശങ്ങളിൽ ആഘോഷിക്കപ്പെട്ടിരുന്നതു് വിവിധ തീയതികളിലും വിവിധ സംഭവങ്ങളെ അനുസ്മരിച്ചുമായിരുന്നു. പുതുഞായറാഴ്ച (ഏപ്രിൽ) ജൂലൈ 3, ആഗസ്റ്റ് 22, 23, 24, സെപ്തംബർ 10, 17, ഒക്ടോബർ 6, നവംബർ, ഡിസംബർ 18, 21, 28, എന്നീ വിവിധമാസങ്ങളിലും വിവിധ തീയതികളിലും വിവിധസഭകൾ വി. തോമ്മാശ്ലീഹായുടെ തിരുനാളുകൾ ആഘോഷിച്ചിരുന്നു.

വി. തോമ്മാശ്ലീഹായുടെ പ്രധാന തിരുനാൾ ഇക്കാലത്തും വിവിധ സഭകളും റീത്തുകളും ഒരേ രീതിയിലല്ല ആചരിക്കുന്നതു്. സുറിയാനി സഭകൾ ജൂലൈ 3-ലും ഗ്രീക്കുസഭകൾ ഒക്ടോബർ 6-ലും ലത്തീൻ സഭ ഡിസംബർ 21-ലും വി. തോമ്മായുടെ പ്രധാനതിരുനാൾ ആഘോഷിക്കുന്നു.

മാർത്തോമ്മാ ശ്ലീഹായുടെ ജീവിതത്തിലെ മൂന്നു പ്രധാന സംഭവങ്ങൾ, അദ്ദേഹം ദിവ്യരക്ഷകന്റെ തിരുവിലാവിൽ തൊട്ടു വിശ്വാസസ്ഥിരത പ്രാപിച്ചതും, കേരളക്കരയിൽ വന്നിറങ്ങിയതും, മൈലാപ്പൂരിൽവച്ചു രക്തസാക്ഷിയായി മരിച്ചതുമാണല്ലോ. ഈ സംഭവങ്ങളെ അനുസ്മരിക്കുന്നതിനു് കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ മൂന്നു തിരുനാളുകൾ ആചരിച്ചിരുന്നു. അവയിൽ രണ്ടു തിരുനാളുകൾ ഇന്നു സുപ്രധാനങ്ങളാണ്. ലത്തീൻ മിഷനറിമാരുടെ ആഗമനശേഷം 16-ാംനൂററാണ്ടിനോടുകൂടി, ലത്തീൻസഭയുടെ പഞ്ചാംഗത്തിൽനിന്നു രണ്ടു തിരുനാളുകൾകൂടി കേരളത്തിലെ മാർത്തോമ്മാക്രിസ്ത്യാനികളുടെ പഞ്ചാംഗത്തിൽ കൂട്ടിച്ചേർക്കയുണ്ടായി. അവ ഡിസംബർ 18-ാംനു മൈലാപ്പൂരിൽ ആരംഭിച്ച തിരുനാളും, ലത്തീൻസഭയിൽ സാർവ്വത്രികമായി ആചരിക്കുന്ന ഡിസംബർ 21-ാംനു-യിലെ തിരുനാളുമാകുന്നു. പറങ്കികളുടെ ആഗമനകാലത്തു് മാർത്തോമ്മാ ക്രിസ്ത്യാനികൾ ആഘോഷിച്ചിരുന്ന മൂന്നു തിരുനാളുകളെപ്പററി ഒരു ചുരുങ്ങിയ വിവരണം നൽകിക്കൊള്ളുന്നു.

### പുതുഞായറാഴ്ചത്തിരുനാൾ

വി. തോമ്മാശ്ലീഹാ ദിവ്യരക്ഷകന്റെ തിരുവിലാവിൽ സ്പർശിച്ചുകൊണ്ടു് വിശ്വാസസ്ഥിരത സമ്പാദിച്ചതു സുപ്രധാനമായ ഒരു സംഭവമാണല്ലോ. ദിവ്യരക്ഷകൻ ഉയിർത്തിട്ടു് എട്ടാംദിവസമായ ഞായറാഴ്ചയാണ് തോമ്മാശ്ലീഹായ്ക്കു ഈ ഭാഗ്യം ലഭിച്ചതു്. ഈ സംഭവത്തിന്റെ വാർഷികമാണ് പുതുഞായറാഴ്ചത്തിരുനാൾ. നാലാം നൂററാണ്ടിൽ ഈ തിരുനാൾ ഓറഹയിൽ ആഘോഷിച്ചിരുന്നതായി കാണുന്നു. മാർത്തോമ്മാ നസ്രാണികൾക്കു് പൂർവ്വകാലംമുതൽ ഇന്നുവരെ ഈ തിരുനാൾ സുപ്രധാനമാണ്. മലയാററൂർ കുരിശുമലയിലേക്കുള്ള പ്രധാന തീർത്ഥയാത്ര ഇന്നും പുതുഞായറാഴ്ചത്തിരുനാൾ ദിനത്തിലാണല്ലോ നടക്കുന്നതു്.

### രക്തസാക്ഷിത്വത്തിരുനാൾ ജൂലൈ 3

വി. തോമ്മാശ്ലീഹാ മൈലാപ്പൂരിൽവച്ചു കുന്തത്താൽ കുത്തപ്പെട്ടു രക്തസാക്ഷിയായി മരിച്ചതു് ജൂലൈ 3-ാംനു-യിലാണെന്നാണ് മാർത്തോമ്മാ നസ്രാണികളുടെ പാരമ്പര്യവിശ്വാസം. കേരളനസ്രാണികൾ മാത്രമല്ല, അവരോടു പൂർവ്വകാലംമുതൽ സമ്പർക്കം പുലർത്തിയിരുന്ന കൽദായക്കാർ ആദിയായ ഏഷ്യയിലെ സുറിയാനിക്കാരും പൂർവ്വകാലങ്ങളിൽ മൈ

www.TheCMSIndia.org

# സുറിയാനി ഭാഷയും സുറിയാനി റീത്തും

റവ. ഫാദർ തോമസ് അരയത്തിനാൽ
എം. ഒ. എൽ.



ലേഖകൻ.

**വേദപുസ്തകങ്ങളുടെ സൂക്ഷ്മമായ താരതമ്യപഠനം വ്യക്തമാക്കും, ഈ ഭാഷതന്നെയായിരുന്നു ക്രിസ്താബ്ദത്തിൻെറ ആരംഭത്തിൽ പലസ്തീനായിലെയും യഹൂദന്മാർ ഉപയോഗിച്ചിരുന്നതെന്ന്. ക്രിസ്താബ്ദം എട്ടാം നൂററാണ്ടുവരെ ആ പ്രദേശങ്ങളിൽ ഈ ഭാഷ നിലവിലിരുന്നു.**

അനന്തരകാലങ്ങളിൽ സുറിയാനി എന്നപേരിൽ അറിയപ്പെടുന്ന ആറാമായഭാഷ അതിപുരാതനകാലംമുതൽ ക്രിസ്ത്വബ്ദം 9–ാംനൂററാണ്ടുവരെ സിറിയാ (ആറാം), മെസപ്പൊട്ടേമിയാ, ബാബിലോൺ, അസ്സീറിയാ മുതലായ രാജ്യങ്ങൾ ഉൾപ്പെടുന്ന പശ്ചിമേഷ്യയെ അധിവസിച്ചിരുന്ന സംഖ്യാബഹുലമായ ഒരു ജനത്തിൻെറ സംസാരഭാഷയായിരുന്നു. പഴയനിയമപ്രകാരം നോഹിൻെറ പുത്രനായ സേമിൻെറ പുത്രൻ ആറാമിൻെറ സന്തതികളായിരുന്നു ആ ജനം. ആകയാൽ ആ ജനം "ആറാമായർ" എന്നും അവരുടെഭാഷ "ആറാമായ" ഭാഷയെന്നും അറിയപ്പെട്ടിരുന്നു. യഹൂദഗ്രന്ഥങ്ങളിൽ ആറാം അഥവാ ആറാമായ എന്ന പദം യഹൂദേതരന്മാർക്കുള്ള ഒരു പര്യായമായി ഉപയോഗിക്കപ്പെട്ടിരുന്നു. എന്തുകൊണ്ടെന്നാൽ യഹൂദന്മാരുടെ ബാബേലിലെ അടിമത്തത്തിൻെറകാലത്ത് അവിടെയുണ്ടായിരുന്ന ആറാമായർ നക്ഷത്രങ്ങളെ ആരാധിക്കുന്ന അന്ധവിശ്വാസികളായിരുന്നു. എബ്രായപഴയനിയമ ഗ്രന്ഥത്തിൻെറ ഗ്രീക്കു വിവർത്തകന്മാർ ആറാം എന്നതിനെ സുറോസ് (സീറോസ്) എന്നു പരിഭാഷപ്പെടുത്തി. ക്രിസ്ത്യാനികളായിത്തീർന്ന ആറാമായർ അക്രൈസ്തവരായിരുന്ന ആറാമായരിൽനിന്നും സ്വയം വേർപെടുത്തുന്നതിനായി സുറോയി എന്ന യവനാഭിധാനം സ്വീകരിച്ചു (Dual p. 15.) ക്രിസ്തുവിനുമുമ്പ് ഏഴാംനൂററാണ്ടിൽ യൂദായുടെ രാജാവായിരുന്ന ഹേസക്കിയായുടെ ഉദ്യോഗപ്രമുഖന്മാരും അസ്സീറിയൻരാജാവായിരുന്ന സെന്നാക്കെറിബിൻെറ ദൂതന്മാരും (രാജാക്കൾ IV. 18: 26; ഏശയ്യാ 36–11) ആറാംനൂററാണ്ടിൽ പേർസ്യൻരാജാവായിരുന്ന അസ്സുവേരുസും (Artaxerxes) അദ്ദേഹത്തിൻെറ ഉപദേശകസമിതിയും (I Esdres 4: 3) നബുക്കദ്നോസറും കല്ദായൻ ജനതയും (ദാനിയേൽ 2–4) ഈ ഭാഷ മനസ്സിലാക്കുകയും സംസാരിക്കുകയും ചെയ്തിരുന്നതായി വിശുദ്ധലിഖിതം സാക്ഷ്യംനൽകുന്നുണ്ട്. പശ്ചിമേഷ്യൻരാജ്യങ്ങളിലെല്ലാം പ്രചരിച്ചിരുന്നതിനുംപുറമെ ഒമ്പതാംനൂററാണ്ടുവരെ സുറിയാനി ഒരു അന്തർരാഷ്ട്രീയഭാഷകൂടിയായിരുന്നു. ഉർസമെററിക്ക് (Ursehemetic) എന്ന് അഭിജ്ഞസംബുദ്ധമായിരിക്കുന്ന പൊതുഭാഷയുടെ പ്രാഗ്രൂപത്തിൽനിന്നും ഉത്ഭവിച്ചിട്ടുള്ള ശേമ്യ (Semetic) ഭാഷകളുടെ ഒരു പ്രധാനശാഖയാകുന്നു സുറിയാനി. അതിൻെറ സഹോദരീഭാഷകളിൽ മുഖ്യമായവ അസ്സീറിയോ–ബാബിലോണിയൻ, ഹീബ്രു, ഫെനീഷ്യൻ, തെക്കൻ അറബി, എത്യോപ്യൻ, അറബി എന്നീഭാഷകളാണ്. കഴിഞ്ഞ നൂററാണ്ടിലെ പൗരസ്ത്യഭാഷാവിചക്ഷണന്മാരുടെ ഗവേഷണങ്ങളുടെയും താരതമ്യപഠനത്തിൻെറയും ഫലമായി ഈ ഭാഷകൾ ഒരേകുടുംബത്തിൽപെട്ടവയാണെന്നും അവ ഉപയോഗിക്കുന്ന വിവിധജനങ്ങൾ ഒരേകുടുംബത്തിൽനിന്നും പിരിഞ്ഞവരാണെന്നും സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ ചില ഭാഷകളുടെ അസംസ്കൃതരീതിയേയും അവ ഉപയോഗിക്കുന്ന ജനങ്ങളുടെ കിരാതത്വത്തെയും ആസ്പദമാക്കി കിഴക്കെ ആഫ്രിക്കായോ അറേബ്യായോ ആയിരുന്നു അവരുടെ ഉത്ഭവസ്ഥാനം എന്നു ചില ആധുനികപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ കിരാതത്വവും അസംസ്കൃതത്വവും ഉത്ഭവസ്ഥാനത്തിൻെറ മാറാത്തുലക്ഷണങ്ങളായിരിക്കണമെന്നില്ലല്ലോ. പഴയനിയമഗ്രന്ഥങ്ങൾ അനുസരിച്ച് ശേമ്യവംശത്തിൻെറയും ശേമ്യഭാഷകളുടെയും ഉല്പത്തിസ്ഥാനം മെസൊപ്പൊട്ടേമിയായും അതിൻെറ പരിസരങ്ങളുമാണ്. (Gen. IX 22–25–30; Deuter 23–4. Jos 24–3)

ക്രി. മു. 2250–നോടടുത്ത് മെസൊപ്പൊട്ടേമിയായുടെ തലസ്ഥാനമായിരുന്ന ബാബിലോണിൽനിന്നും സംഖ്യാബഹുലമായ ജനം വിവിധഭാഗങ്ങളിലേക്ക് വേർതിരിഞ്ഞപ്പോൾ അതതുസ്ഥലങ്ങളിൽ വ്യത്യസ്ഥമായി അവരുടെഭാഷ വളർന്നുവന്നുവെന്നും അതിൽനിന്നു വ്യക്തമാകുന്നുണ്ട്. അങ്ങനെ വളർന്നുവന്നഭാഷകളിൽ പ്രമുഖമായിരുന്ന ആറാമായഭാഷയ്ക്ക് കാലാന്തരത്തിൽ ദേശവ്യത്യാസമനുസരിച്ച് പ്രാകൃതരൂപങ്ങൾ ഉണ്ടാകുകയും അവ തത്തൽപ്രദേശങ്ങളിൽ സംസാര ഭാഷയായിത്തീരുകയും ചെയ്തു. പേർസ്യായുടെ (പടിഞ്ഞാറെ) അതിർത്തിമുതൽ ലബാനൊൺവരെ–അസ്സീറിയൻപ്രദേശങ്ങളിലും കുർഡിസ്ഥാനിലും മദ്ധ്യമെസൊപ്പൊട്ടേമിയായിലും സിറിയായിൽ ഡാമസ്കസിനു സമീപമുള്ള പ്രദേശങ്ങളിലും–ഏതെങ്കിലും രൂപത്തിൽ സുറിയാനിഭാഷ ഉപയോഗിക്കുന്നവർ സ്വയം സുറിയാനിക്കാരെന്നും അവരുടെ ഭാഷയെ സുറിയാനിയെന്നും വിളിക്കുന്നു. വിദേശീയരുമായി സമ്പർക്കമുള്ളപട്ടണപ്രദേശങ്ങളിൽ ഇങ്ങനെ സംഭവിക്കാമെങ്കിലും അപരിഷ്കൃതരായ ഗ്രാമീണരുടെയിടയിൽ ഇങ്ങനെസംഭവിക്കാൻ എളുപ്പമല്ല. അസ്സീറിയൻജനത സ്വയം "സൂറായാ" എന്നും അവരുടെഭാഷയ്ക്ക് "സൂറത്" എന്നും പേരുകൾ സ്വീകരിച്ചിരിക്കുന്നു. മെസൊപ്പൊട്ടേമിയാക്കാർ അവരുടെഭാഷയെ "സുറിയത്" എന്നും സിറിയായിലെ ജനങ്ങൾ അവരുടെ ഭാഷയെ "സുറിയോൺ" എന്നും വിളിക്കുന്നു. ഇവയെല്ലാം "സിറിയൻ" "സുറിയാനി" എന്ന പദങ്ങളുടെ വ്യത്യസ്തരൂപങ്ങൾ മാത്രമാണ്. ആകയാൽ "സിറിയൻ" "സുറിയാനി എന്നപേരുകൾ ഗ്രീക്കുകാർ ആറാമായരിൽനിന്നും പഠിച്ചതായിരിക്കണം. "ആറാമായ" എന്നും സിറിയൻ എന്നും പദങ്ങൾ ഉപയോഗിച്ചുതുടങ്ങിയതു് എന്നാണെന്ന് ഖണ്ഡിതമായി പറയുവാൻ നിവൃത്തിയില്ല. ആറാമായശബ്ദം ആദ്യമായി രേഖപ്പെടുത്തികാണുന്നതു് ക്രി. മു. 11–ാംനൂററാണ്ടിൻെറ ആരംഭത്തിൽ എഴുതിയിട്ടുള്ള പഞ്ചഗ്രന്ഥിയിലാണ്. പ്രസ്തുത ഗ്രന്ഥം ക്രി. മു. 3–ാംനൂററാണ്ടിൽ ഗ്രീക്കിലേയ്ക്കു വിവർത്തനം ചെയ്തിട്ടുള്ളതിലാണ് "സിറിയ" ശബ്ദം ആദ്യമായി എഴുതികാണുന്നതു്. ഈ രണ്ടുപേരുകളും സുറിയാനിക്കാർ അറിഞ്ഞിരുന്നുവെന്നതു് ബൈബിൾ വ്യക്തമാക്കുന്നുണ്ട്. (Rom. 1-16; 2: 9–10; 3: 9; 10: 12; I cor 1: 22–24; gal. 3: 28). "സിറിയാ" 'സിറിയൻ, നാമങ്ങൾ "അസ്സീറിയാ" എന്ന നാമത്തിൻെറ ആദ്യക്ഷരത്തെ മുറിച്ചുകളഞ്ഞു് ഗ്രീക്കുകാർ ഉണ്ടാക്കിയതാണെന്നാണ് സാമാന്യമായ അഭിപ്രായം.

പഴയനിയമഗ്രന്ഥങ്ങൾ എഴുതുന്നതിനുപയോഗപ്പെടുത്തിയ എബ്രായഭാഷയ്ക്ക് മററ് എല്ലാ ശേമ്യഭാഷകളെയുംകാൾ പ്രശസ്തിയുണ്ടായി. എന്നാൽ ആ എബ്രായമൂലം പരിശോധിക്കുമ്പോൾ കാണാം സാഹിത്യസമ്പത്തിൽ മികച്ചു നിന്നിരു

(ശേഷം 151–ാം പേജിൽ)

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS